പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 5789

05/07/2013 -ൽ മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളിൽ ബൈൻഡിംഗ് ജോലികൾ പൂർത്തിയാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>" ഐ. സി. ബാലകൃഷ്ണൻ<br>" ജോസഫ് വാഴക്കൻ<br>" എം. എ. വാഹീദ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരങ്ങൾ ഉൾക്കൊള്ളുന്ന വാല്യങ്ങളുടെ ബൈൻഡിംഗ് ജോലികൾ പൂർത്തിയാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) രജിസ്റ്റർ വാല്യങ്ങൾ, ദീർഘകാലാടിസ്ഥാനത്തിൽ സൂക്ഷിക്കേണ്ട രേഖകളായതിനാൽ, വളരെ സൂക്ഷ്മതയോടും കേടുപാടുകൾ സംഭവിക്കാതെയും പരിപാലിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് വാല്യങ്ങളുടെ ബൈൻഡിംഗ് ജോലി പൂർത്തിയാക്കാനുള്ള പദ്ധതി വിഭാവനം ചെയ്തത്. രജിസ്ട്രേഷൻ വകുപ്പിൽ 10 ബൈൻഡിംഗ് യൂണിറ്റുകളാണ് നിലവിലുള്ളത്. 19/11/2003-ലെ ജി.ഒ(പി) 34/2003/പി &എ.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം, രജിസ്ട്രേഷൻ വകുപ്പിലെ ബൈൻഡർ തസ്തികകൾ നിർത്തലാക്കിയതിനാൽ ബൈൻഡ് ചെയ്യാൻ കുടിശ്ശികയുള്ള രജിസ്റ്റർ വാല്യങ്ങളുടെ കാര്യത്തിൽ പുറം കരാർ നൽകി ബൈൻഡിംഗ് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | എത്ര വാല്യങ്ങളുടെ ബൈൻഡിംഗ് ജോലി പൂർത്തിയാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ; | സി) | ഏകദേശം 70,000 രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ കുടിശ്ശികയുണ്ട്. പ്രസ്തുത വാല്യങ്ങളുടെ ബൈൻഡിംഗ് ജോലികൾ ഘട്ടംഘട്ടമായി പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) | രജിസ്ട്രേഷൻ വകുപ്പിൽ ബൈൻഡ് ചെയ്യാൻ കുടിശ്ശികയുള്ള രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്യുന്നതിനായി, കഴിഞ്ഞ സാമ്പത്തിക വർഷം, 75 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ പരസ്യം നൽകുകയും, കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തി സമർപ്പിക്കപ്പെട്ട ദർഘാസ് അംഗീകരിച്ച് ബന്ധപ്പെട്ട ഏജൻസിക്ക് രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ കരാർ നൽകിയതിലൂടെ, 2012-2013 സാമ്പത്തിക വർഷം 11,629 വാല്യങ്ങൾ ബൈൻഡ് ചെയ്യുകയുമുണ്ടായി.<br><br>2013-2014 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ പദ്ധതിവിഹിതം വിനിയോഗിച്ച്, 11,000 രജിസ്റ്റർ വാല്യങ്ങൾകൂടി ബൈൻഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.